പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*127 | 05-02-2019-ലെ മറുപടിയ്ക്ക്

## പ്രളയാനന്തരം കർഷകർക്ക് സഹായധനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ഡോ.എൻ. ജയരാജ്<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയം മൂലം നാശനഷ്ടങ്ങളുണ്ടായ കർഷകർക്ക് സംസ്ഥാന സർക്കാർ സഹായധനം അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. മഹാപ്രളയത്തിൽ സംഭവിച്ച കൃഷി നാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 3,05,964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 2,38,376 കർഷകർക്ക് SDRF ഫണ്ടിൽ നിന്നും 67.92 കോടി രൂപയും, സംസ്ഥാന വിഹിതമായി 224610 കർഷകർക്ക് 110.45 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും 621.33 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 13775 കർഷകർക്ക് നഷ്ടപരിഹാരമായി 21.58 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമയോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പയെടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിലെ 3727 കർഷകർക്കായി 7.04 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 22.80 കോടി രൂപ വിലയുള്ള 5650.85 ടൺ നെൽവിത്ത് പൂർണ്ണമായും സൗജന്യമായി നൽകി. 43100 ഹെക്ടർ പ്രദേശത്ത് 23.27 കോടി രൂപയുടെ കുമ്മായം വിതരണം ചെയ്തു. |
| (ബി) | കാർഷികമേഖലയിലുണ്ടായിട്ടുള്ള തകർച്ചയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് സഹായം ലഭ്യമായിട്ടുണ്ടോ; | (ബി) | ഉണ്ട്. പ്രളയ നിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ |

| | | | |
|---|---|---|---|
| | | | ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടിക്കൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച 102.1855 കോടി രൂപയുടെ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന വിഹിതം 60:40 അനുപാതത്തിൽ 93.395 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും, 56.03 കോടി രൂപ കേന്ദ്രവിഹിതം കേരളത്തിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. എല്ലാ ജില്ലകളിലും പദ്ധതി പ്രവർത്തനങ്ങൾ വിജയകരമായി നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**